# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 7

## വാർത്താക്കുറിപ്പ്

### സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തുന്ന എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ കോഴ്സിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 14ന് രാവിലെ 10 ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സ്പോട് അഡ്മിഷന് എത്തണം. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. വിശദവിവരത്തിന് ഫോൺ: 0481-2731034.

(പി.ആർ.ഒ/39/1273/2020)

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫൗണ്ടേഷൻ, റഗുലർ, ഈവനിങ് ട്രെയിനിങ് പ്രോഗ്രാം ഒഴിവുകളിലേക്ക് ഡിസംബർ 16,17,18 തീയതികളിൽ സ്പോട് അഡ്മിഷൻ നടത്തും. താത്പര്യമുള്ളവർ അസൽ/സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ, നിശ്ചിതഫീസ് എന്നിവ സഹിതം ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിങ് ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 9188374553 ഇ-മെയിൽ: civilserviceinstitute@mgu.ac.in

(പി.ആർ.ഒ/39/1274/2020)

### പുതുക്കിയ പരീക്ഷ തീയതി

നവംബർ 26, ഡിസംബർ നാല്, എട്ട് തീയതികളിൽ നടത്താനിരുന്ന അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾ യഥാക്രമം ഡിസംബർ 17, 21, 23 തീയതികളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1275/2020)

ഡിസംബർ ഏഴ്, ഒമ്പത് തീയതികളിൽ നടത്താനിരുന്ന അഫിലിയേറ്റഡ് കോളജുകളിലെ ഒമ്പതാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾ യഥാക്രമം ഡിസംബർ 18, 22 തീയതികളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1276/2020)

ഡിസംബർ നാല്, ഏഴ്, ഒമ്പത്, 11 തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (2016 മുതൽ 2018 വരെ അഡ്മിഷൻ സപ്ലിമെന്ററി/2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം ഡിസംബർ 17, 18, 21, 22 തീയതികളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1277/2020)

നവംബർ 26, ഡിസംബർ നാല്, ഏഴ്, എട്ട്, ഒമ്പത്, 10, 11, 14, 15,16 തീയതികളിൽ നടത്താനിരുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.ബി.എ. (സ്പെഷൽ മേഴ്സി ചാൻസ്), നാലാം സെമസ്റ്റർ എം.ബി.എ.(2016 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 22, 2021 മാർച്ച് മൂന്ന്, ഡിസംബർ 23, 2021 ഫെബ്രുവരി 22, 23, 24, 25, 26, മാർച്ച് 1, 2 തീയതികളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1278/2020)

ഡിസംബർ നാലിന് നടക്കാനിരുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബിരുദം (പുതിയ സ്കീം 2019 അഡ്മിൻ റഗുലർ/2017, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, റീഅപ്പിയറൻസ്), രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ., ബി.കോം (2019 അഡ്മിഷൻ റഗുലർ-പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ ഡിസംബർ 17ന് നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1279/2020)

ഡിസംബർ നാലിന് നടക്കാനിരുന്ന രണ്ടാം സെമസ്റ്റർ എം.എ., എം.എച്ച്.എം., എം.എ.ജെ.എം.സി., എം.എസ്.ഡബ്ല്യൂ, എം.ടി.ടി.എം., എം.എസ് സി., എം.കോം. (സി.എസ്.എസ്. 2019 അഡ്മിഷൻ റഗുലർ-അഫിലിയേറ്റഡ് കോളജുകൾ), രണ്ടാം സെമസ്റ്റർ എം.എ., എം.സി.ജെ., എം.എച്ച്.എം., എം.എസ്.ഡബ്ല്യൂ, എം.ടി.എ., എം.ടി.ടി.എം., എം.എസ് സി., എം.കോം.(സി.എസ്.എസ്. 2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013, 2014, 2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 23ന് നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1280/2020)

## പ്രോജക്റ്റ്/വൈവവോസി പരീക്ഷ

അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ എൻജിനീയറിങ് ആൻഡ് നെറ്റ്‌വർക് ടെക്നോളജി (2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പ്രോജക്റ്റ് മൂല്യനിർണയം/വൈവവോസി പരീക്ഷയ്ക്ക് പിഴയില്ലാതെ ഡിസംബർ 21 വരെയും 525 രൂപ പിഴയോടെ ഡിസംബർ 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ 23 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1281/2020)

## പരീക്ഷ ഫലം

2020 ഒക്ടോബറിൽ നടന്ന പത്താം സെമസ്റ്റർ ബി.ആർക്. (റഗുലർ,സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1282/2020)

## എം.ജി. പി.ജി. പ്രവേശനം; ഒന്നാം അലോട്ട്മെന്റായി

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ഏകജാലകം വഴിയുള്ള ബിരുദാനന്തരബിരുദ പ്രവേശനത്തിന് ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഡിസംബർ 15ന് വൈകിട്ട് 4.30നകം നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് പ്രവേശനം ഓൺലൈനായി കൺഫേം ചെയ്യണം. സ്ഥിരപ്രവേശനം നേടുന്നവർ കോളജുമായി ബന്ധപ്പെട്ട് നിശ്ചിത കോളജ് ഫീസടച്ച് പ്രവേശനം സ്ഥിരപ്പെടുത്തണം. നിശ്ചിതസമയത്തിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം അലോട്ട്മെന്റ് കൺഫേം ചെയ്യാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കപ്പെടും. കോളജുകൾ പ്രവേശനം കൺഫേം ചെയ്തതിന്റെ തെളിവായി നൽകുന്ന കൺഫർമേഷൻ സ്ലിപ് സൂക്ഷിച്ച് വയ്ക്കണം. സ്ലിപ് കൈവശമില്ലാത്തവരുടെ പ്രവേശന പരാതികൾ പരിഗണിക്കില്ല. ഡിസംബർ 16ന് ഓപ്ഷൻ പുനക്രമീകരിക്കാനും ഒഴിവാക്കാനും അവസരം ലഭിക്കും.

(പി.ആർ.ഒ/39/1283/2020)

## ഒഴിവുള്ള ബിരുദ സീറ്റിലേക്ക് പ്രവേശനം; റാങ്ക് പട്ടികയായി

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിലെ ബിരുദ പ്രോഗ്രാമുകളിൽ നവംബർ 25ന് ശേഷം ഒഴിവുവന്ന സീറ്റുകളിലേക്ക് പ്രവേശനത്തിനായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. റാങ്ക് പട്ടികയിലുൾപ്പെട്ടവർ പ്രവേശന സാധ്യത അറിയുന്നതിനായി കോളജുമായി ബന്ധപ്പെടണം. ഒഴിവുള്ള സീറ്റിലേക്ക് സർവകലാശാല റാങ്ക് പട്ടിക പ്രകാരം മെരിറ്റ്/സംവരണ തത്വങ്ങൾ പാലിച്ചാണ് പ്രവേശനം. ബിരുദ പ്രവേശന നടപടികൾ ഡിസംബർ 15ന് പൂർത്തീകരിക്കും. ഇതിനു ശേഷം പ്രവേശനം അനുവദിക്കില്ല.

(പി.ആർ.ഒ/39/1284/2020)

## ബി.എഡ്. പ്രവേശനം; മൂന്നാം അലോട്ട്മെന്റ് ലഭിച്ചവർ ഡിസംബർ 11നകം കൺഫേം ചെയ്യണം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ബി.എഡ്. കോളജുകളിൽ ബി.എഡ്. പ്രവേശനത്തിന് മൂന്നാം അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസടച്ച് ഡിസംബർ 11ന് വൈകിട്ട് നാലിനകം പ്രവേശനം കൺഫേം ചെയ്യണം. നിശ്ചിത സമയത്തിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം അലോട്ട്മെന്റ് കൺഫേം ചെയ്യാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കപ്പെടും. കോളജുകൾ പ്രവേശനം കൺഫേം ചെയ്തതിന്റെ തെളിവായി നൽകുന്ന കൺഫർമേഷൻ സ്ലിപ് സൂക്ഷിച്ച് വയ്ക്കണം. സ്ലിപ് കൈവശമില്ലാത്തവരുടെ പ്രവേശന പരാതികൾ പരിഗണിക്കില്ല. ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ താൽക്കാലിക പ്രവേശനം നേടിയവർ ഡിസംബർ 11ന് വൈകിട്ട് നാലിനകം സ്ഥിരപ്രവേശനം നേടണം. മൂന്നാം അലോട്ട്മെന്റിനുശേഷം എസ്.സി., എസ്.ടി. വിഭാഗത്തിൽ മാത്രമേ താൽക്കാലി പ്രവേശനം സാധ്യമാകൂ. മറ്റുവിഭാഗക്കാർക്ക് മൂന്നാം അലോട്ട്മെന്റിനുശേഷം താൽക്കാലിക പ്രവേശനം അനുവദിക്കില്ല. ഒന്നാംസെമസ്റ്റർ ബി.എഡ്. ക്ലാസുകൾ ഡിസംബർ 14ന് ആരംഭിക്കും.

(പി.ആർ.ഒ/39/1285/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ നാലും എസ്.ടി. വിഭാഗത്തിൽ രണ്ടും സംവരണ സീറ്റൊഴിവുണ്ട്. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ഐ.ടി., ബി.സി.എ. അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യവിഷയമായ ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ യോഗ്യത, ജാതി തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 15ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481 2731037.

(പി.ആർ.ഒ/39/1286/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; പ്രാഥമിക വോട്ടർപട്ടിക

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ സർവകലാശാല അധ്യാപകരുടെ മണ്ഡലത്തിലെ ഒരൊഴിവിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിന്റെ പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിലും ഓഫീസിലും ലഭിക്കും.

(പി.ആർ.ഒ/39/1287/2020)

## വീട്ടിലെത്തി ലൈഫ് സർട്ടിഫിക്കറ്റ്; ഇന്ത്യപോസ്റ്റ് പേയ്മെന്റ് ബാങ്ക് സ്കീം

പെൻഷനറുടെ വീട്ടിലെത്തി ജീവൻ പ്രമാൺ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ പെൻഷൻ ആൻഡ് പെൻഷനേഴ്സ് വെൽഫെയർ വകുപ്പിന്റെ സഹായത്തോടെ ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് നടപ്പാക്കുന്നു. എം.ജി. സർവകലാശാല പെൻഷൻകാർക്കും ഇത് പ്രയോജനപ്പെടുത്താം. പോസ്റ്റ്മാൻ/ഗ്രാമീൺ ഡക് സേവക് പെൻഷനറുടെ വീട്ടിലെത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻ ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതിയാണിത്. പെൻഷൻകാർ പോസ്റ്റ് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതില്ല. പെൻഷൻ വിതരണം ചെയ്യുന്ന സൈറ്റുമായി ആധാർ നമ്പർ ലിങ്ക് ചെയ്താണ് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നത്. വിശദവിവരത്തിന് ഫോൺ: 0481 2582233, 8301919684.

(പി.ആർ.ഒ/39/1288/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ